64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 • തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

Item Code: 944 Participant Code: 020

വിഷയം : കേരളീയ നവോത്ഥാനവും മാനവികതയും.

## നവോത്ഥാന സൂത്രവാക്യമാം "മാനവികത"...

'നവോത്ഥാനം' അത്രമേൽ വിശാലമായ അർത്ഥവും വ്യാപ്തിയും അതിനിൽ അലിഞ്ഞ് കുടികൊള്ളുന്ന പദം. നൂറ്റാണ്ടുകൾക്ക് മുൻപ് കൊളോണിയൽ ഭരണത്തിന്റെ വികൃത മുഖത്തിന് കീഴിൽ അടിമത്തത്തിലും അന്ധകാരത്തിലും ഇന്ത്യയൊട്ടാകെ ജീവിതം നയിച്ചു കൊണ്ടിരുന്ന വേളയിൽ ജാതിമതവർഗവർണ്ണ വിവേചനങ്ങൾ കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉദിച്ചുയരാൻ സാധിക്കാതെ അന്ധതയാൽ മൂടപ്പെട്ട ഒരു സമയത്തിൽ ഉയിർന്ന മഴവില്ലഴകുള്ള നന്മയാണ് നവോത്ഥാനം. വിദേശാധിപത്യവും മറ്റനേകം വിവേചന നൻപ്രവണതകളും ഉന്നതകുലജാതരിൽ നിന്നുള്ള പ്രഹരങ്ങളുമേറ്റ് വാടിത്തളർന്നു പോയ ജനതക്കും സമൂഹത്തിനും നവമായ ഉത്ഥാനം അഥവാ ഉദയം സാധ്യമാക്കിയ ലോകമെമ്പാടും പ്രഭ വിതറിയ നവോത്ഥാനം എന്ന ആശയം രൂപം കൊണ്ടത് ഇരുളിലാണ്: ഉദിച്ചുയർന്ന സമയം തൊട്ടേ ആ തേജസ്സാർന്ന സപ്തവർണ്ണത്തിന്റെ ശോഭ തുളുമ്പുന്ന നന്മ എല്ലാ അതിർത്തികളെയും ഭേദിച്ചു കൊണ്ട് ലോകത്തിന്റെ നാനാകോണുകളിലേക്കും അതിവേഗം

വ്യാപിച്ചു. ഒടുവിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് ഖ്യാതി നേടി പ്രകൃതിരമണീയമായ കുന്നുകളും പാടിയൊഴുകുന്ന നദികളും സഹ്യന്റെ മനോഹാരിതയാലും കേരനിരകളുടെ വശ്യനൃത്തങ്ങളും എല്ലാം ചേർന്നു നൽകിയ വരദാനത്തിന്റെ പിറവിഫലമായ കേരളത്തിലുദിത്ത നവോത്ഥാനമെന്ന ആശയം.

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ക്രൂരമായ വികൃതമായ നയങ്ങളാൽ ആധിമൂടി വെന്തു നീറി അടിമത്തത്തിൽ കഴിഞ്ഞിരുന്ന കേരളജനത, ജാതിമതവർഗവർണ ഭേദങ്ങളാൽ ഛിന്നഭിന്നമായി ചിതറി കിടന്നിരുന്ന സ്വാമി വിവേകാനന്ദനെന്ന ഉജ്ജ്വലനായ സാമൂഹ്യ പരിഷ്കർത്താവിനാൽ 'ഭ്രാന്താലയം' എന്ന വിശേഷിപ്പിക്കപ്പെട്ടു കിടന്നിരുന്ന ആ [illegible] സാഹചര്യത്തിലാണ് കേരളത്തിന്റെ വിരിമാറിൽ നവോത്ഥാനം അതിന്റെ മാധുരിപ്പൂക്കൾ തുറന്നു കാട്ടി മന്ദസ്മിതം തൂകിയെന്നിയത്. ബ്രിട്ടീഷുകാരന്റെ ഉച്ചയ്ക്കു കീഴ്പ്പെട്ട് സ്വാതന്ത്ര്യത്തിന്റെ രുചിയെന്തെന്നു പോലും അറിയാതെ ചത്തതിനൊക്കുമേ ജീവിതം തള്ളി നീക്കിയിരുന്ന, ജാതിവർഗ വിവേചനങ്ങൾ ഉന്നതകുലജാതരിൽ നിന്ന് അത്രമേൽ നീചമായ കൃത്യങ്ങൾക്ക് സാക്ഷിയാകേണ്ടി വന്ന, വേർതിരിക്കപ്പെട്ട സമൂഹത്തിൽ നിന്ന് ക്ഷത്രിയരിൽ നിന്നും ബ്രാഹ്മണരിൽ നിന്നും ദാരുണമായ പീഡാനുഭവങ്ങൾക്ക് വിധേയമാക്കപ്പെട്ട, അതിലുപരി അജ്ഞാനത്തിന്റെ കൂത്തുക വാഴുന്ന കാലമായതിനാൽ

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നടമാടിയിരുന്ന ആ അന്ധകാരത്തിന്റെ വിനാഴികകളിൽ നവോത്ഥാനം എന്ന ആശയത്തിന്റെ അതേപടി സാക്ഷാത്കരിക്കാൻ കേരളത്തിന്റെ വിരിമാറിൽ നിന്ന് ഉയിർത്ത ശക്തരായ ഉജ്ജ്വലരായ നവോത്ഥാന നായകന്മാർ "ശ്രീനാരായണ ഗുരു, വൈകുണ്ഠ സ്വാമികൾ, സ്വാമി വിവേകാനന്ദൻ, ചട്ടമ്പി സ്വാമികൾ, സഹോദരൻ അയ്യപ്പൻ തുടങ്ങിയ അതുല്യ വ്യക്തിത്വങ്ങൾ ജ്വലിച്ചുയർന്നു. അവരുടെ ചുറ്റുപാടുകളിൽ നിരവധിയായ അനാവശ്യ കാര്യങ്ങളെ പേറി വിവേചനങ്ങൾക്ക് ഇരയായി ജീവിക്കേണ്ടി വന്ന പാരതന്ത്ര്യത്തിൽ കഴിയേണ്ടി വന്ന ഹതഭാഗ്യരെ ഉന്നതിയിലേക്ക് സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തി കൊണ്ടു വരാൻ കേരളത്തിന്റെ ഉശിരുറ്റ നവോത്ഥാന നായകന്മാർ തിരഞ്ഞെടുത്ത പാത അത്രമേൽ ശക്തമായ 'മാനവികത' എന്ന അസാധാരണ മൂല്യത്തിന്റേതായിരുന്നു. മാനവികത എന്നാൽ മനുഷ്യമനസ്സുകളിൽ നിശ്ചയമായും വിരിഞ്ഞു പ്രഭ വിതറേണ്ടുന്ന അതുല്യമായ അത്രമേൽ പരിപാവനവും വിശുദ്ധവും ആയ സനാതന മൂല്യങ്ങളുടെ ഭണ്ഡാരമാണ്. മനുഷ്യനെന്ന ദൈവികമായ സൃഷ്ടിയെ അതിന്റെ എല്ലാ വിശുദ്ധിയോടും ചൈതന്യത്തോടും കാണേണ്ടുന്ന യാതൊരു വിവേചനങ്ങൾക്കും സ്ഥാനം പോലും നൽകാതെ സർവ മനുഷ്യരെയും സോദരരായി കണ്ടുകൊണ്ട് ജാതിമതവർഗവർണ ഭേദങ്ങൾക്കൊക്കെ

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

അതീതമായ സാർവത്രിക സാഹോദര്യം. തുളുമ്പുന്ന മിഴികളിലൂടെ ദർശിക്കേണ്ടുന്ന അത്രമേൽ തീവ്രമായ സനാതനമൂല്യങ്ങളുടെ വിളനിലമായ ഇവയാണ് മാനവികത. സ്വാമി വിവേകാനന്ദനാൽ 'ഭ്രാന്താലയം' എന്ന വിശേഷണത്തിന് വിധേയരായ കേരളീയ ജനതയെ കേരളത്തെ "ദൈവാലയം" എന്ന് മാറ്റിസ്ഥാപിക്കേണ്ടുന്ന പ്രകാശത്തിന്റെ പ്രസന്നതയേറിയ ഉന്നിന്റെ യാത്രയിലേക്ക് എത്തിച്ചത് നവോത്ഥാനമെന്ന സുവർണ്ണ ശോഭിതമായ തത്വത്തിൽ അടിയുറച്ച് മാനവികത എന്ന പരിപാവന മൂല്യത്തിനെ ആധാരമാക്കി ഉജ്ജ്വലമായ നമ്മുടെ നവോത്ഥാന നായകരുടെ അതുല്യമായ സേവനങ്ങളാണ്.

കേരളീയ നവോത്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കർമ്മയോഗിയാണ് "ശ്രീനാരായണ ഗുരുദേവൻ". ജാതിമതവർഗ്ഗ ഭേദങ്ങളാൽ ഛിന്നഭിന്നമായി കിടന്നിരുന്ന കേരള ജനതയ്ക്കു മുന്നിൽ "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" എന്ന ദിവ്യമയാർന്ന തത്വവുമായാണ് ഗുരുദേവൻ മണ്ണിലെത്തിയത്. സമൂഹത്തിന്റെ അടിത്തട്ടിലേക്കിറങ്ങി കൊണ്ട് ഗുരു ജാതിമതഭേദങ്ങൾക്ക് അതീതമായ മാനവികതയുടെ വിത്തുകൾ കേരളീയജനതയിൽ പാകി. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ഉദ്ധരണിയെ ശക്തമായി പ്രചരിപ്പിച്ചു കൊണ്ട് മതം അപ്രധാനമാണെന്നും നല്ല മനുഷ്യത്വമാണ് മാനവനെ മാനവൻ

ആക്കുന്നതെന്നും ജനഹൃദയങ്ങളെ പഠിപ്പിച്ചു. നാട്ടുകിടയിൽ കേവലം അസ്പൃശ്യത്വത്തിൽ ദൈവാരാധനയ്ക്ക് പോലും അവകാശമില്ലാതെ കിടന്നിരുന്നവർക്കായി ഗുരു ക്ഷേത്രങ്ങൾ പണിതു. ക്ഷേത്രങ്ങളെക്കാൾ സമൂഹത്തിന് അത്യാവശ്യമായത് വിദ്യയുടെ ആവനാഴി തുറന്നു നൽകുന്ന വിദ്യാലയങ്ങൾ ആണെന്ന് മനസിലാക്കിയ ഗുരുദേവൻ വിദ്യാലയങ്ങൾ സ്ഥാപിച്ചു. കണ്ണാടി പ്രതിഷ്ഠ എന്ന വിഖ്യാത പ്രതിഷ്ഠയിലൂടെ ഗുരു മാനവരായ നാമോരോരുത്തരും തന്നെയാണ് ദൈവതുല്യരെന്നും സ്വകീയമായ വിശ്വാസം അത്രമേൽ അനിവാര്യമാണെന്നും വിളിച്ചോതി. സമൂഹത്തെ കാർന്നു തിന്നാൻ മാത്രം പര്യാപ്തമായ വിപത്താണ് മദ്യമെന്ന് അറിയാമായിരുന്ന ദേവൻ "മദ്യം ഉണ്ടാക്കരുത് കുടിക്കരുത് വിൽക്കരുത്" എന്ന് ഉദ്ബോധിപ്പിച്ചു. "ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമായാണ്" ഛിന്നഭിന്നമായി കിടന്ന കേരളീയ സമൂഹത്തെ ഗുരു ഉയർത്തിയത്. മതവർഗവർണ്ണ വിവേചനങ്ങളുടെ കൊടിമരത്തെ ജനതയിൽ നിന്ന് പിഴുതെറിഞ്ഞു, സോദര്യവും സാർവത്രിക സാഹോദര്യവും മതേതരം മാനുഷിക മൂല്യങ്ങളും ജനതയിൽ പാകി അജ്ഞതയെ വിജ്ഞാനത്താൽ അകറ്റുക വഴി അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പിഴുതെറിഞ്ഞു 'അനുകമ്പാദശകം, ദൈവദശകം' തുടങ്ങിയ

കൃതികളുടെ രചനയിലൂടെ ഗുരു വർണ്ണാതീതമായതും മൂല്യങ്ങളും "അറിവ്, അൻപ്, അനുകമ്പ" എന്നീ സൗന്ദര്യം തുളുമ്പുന്ന ശ്രേഷ്ഠ മൂല്യങ്ങളുടെ സീമയില്ലാത്ത ശക്തിയും വ്യക്തമാക്കി. ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ സ്ഥാപനത്തിലൂടെ നവോത്ഥാന പ്രവർത്തനങ്ങൾ വീണ്ടും ശ്രീനാരായണഗുരുദേവൻ തുടർന്നു കൊണ്ടേയിരുന്നു.

വൈകുണ്ഠ സ്വാമികൾ എന്ന അസാധാരണ യോഗിയും കേരളീയ നവോത്ഥാനത്തിന് അതുല്യമായ ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശക്തമായ സമരങ്ങൾ സ്വാമികൾ നടത്തി. തൊട്ടുകൂടായ്മയും അയിത്തവും നിലനിന്നിരുന്ന ആ കെട്ട കാലത്തിൽ മാനവരെല്ലാം തുല്യരാണെന്ന ആശയത്തെ പ്രചരിപ്പിക്കാൻ വൈകുണ്ഠ സ്വാമികൾ "സമപന്തിഭോജനം" നടത്തി. ജാതിമത വേർതിരിവുകളാൽ നാനാദിക്കുകളിൽ ജീവിച്ചു കൊണ്ടിരുന്ന മാനവരെ മതാതീത വർണ്ണാതീത വികാരങ്ങൾക്കും അപ്പുറമായി തുല്യരായി ദർശിക്കുവാനായി ഒന്നിച്ചിരുന്നുള്ള ഭോജനത്തിന് നേതൃത്വം നൽകിയ സംഭവം ആണ് സമപന്തിഭോജനം. കൊളോണിയൻ ഭരണത്തെ സൃഷ്ടിക്കാനാ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണത്തെ വെൺനീചഭരണമെന്നാണ് വൈകുണ്ഠ സ്വാമികൾ വിശേഷിപ്പിച്ചത്. കേരളീയ ജനതയെ അസ്വാതന്ത്ര്യത്തിനും

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 944 Participant Code: 020

അടിമത്തത്തിനും വിധേയമാക്കിയ ജനങ്ങളെ വെൺനീച ജനമെന്ന് ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ട് അതിന് എതിരായി നിരവധിയായ പ്രവർത്തനങ്ങൾ വൈകുണ്ഠ സ്വാമി കാഴ്ചവച്ചു. ജാതിമതവികാരങ്ങളെ ഉടക്കിമറിക്കാൻ സമപന്തിഭോജനത്തെ പോലെ ഒരു കിണർ കുത്തി ഉണ്ണാനും കുളിക്കാനും ഒരുപോലെ യാതൊരു വേർതിരിവും ഇല്ലാതെ വെള്ളം ശേഖരിക്കാൻ പര്യാപ്തമായ സൗകര്യവും ഒരുക്കി സ്വാമികൾ. സീമകളില്ലാതെ മാനുഷികമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു കൊണ്ട് കീഴാള ഉടയോൻ വിടവിനെ അഭിനന്ദനാർഹമായ രീതിയിൽ പരിഹസിച്ചു കൊണ്ട് തൂത്തി കളഞ്ഞു. സൂര്യ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോട് പോലും നാടുവാഴിത്തങ്ങളോടെ ചട്ടങ്ങളോടെ പോരാടി മാനവികതയുടെ അലയൊലികൾ കേരളീയ മണ്ണിൽ ഉത്പാദിപ്പിച്ചു.

സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയം' എന്ന് കേരളത്തെ വിശേഷിപ്പിച്ചത് അകമഴിഞ്ഞ ദു:ഖത്തിന്റെ ആധിക്യത്താലാണ്. 1931 ൽ ചിക്കാഗോയിൽ നടന്ന സർവ്വമത സമ്മേളനത്തിൽ അതുല്യമായ ആശയങ്ങളെ തത്ത്വങ്ങളെ ലോകമെമ്പാടും പ്രസംഗിച്ചു കൊണ്ട് എല്ലാവരെയും മാനവികമായി ഒന്നാക്കുന്നതിന് ചുക്കാൻ പിടിച്ചു. ഇതിന്റെ കേരളത്തിന്റെ അസ്തിത്വത്തിൽ അത്രമേൽ ആനന്ദം കൊള്ളുന്ന

വ്യക്തിത്വമായിരിക്കും സ്വാമി വിവേകാനന്ദന്റേത്. മാനവികതയിൽ അടിയുറച്ച ഉന്നത വ്യക്തികൾക്ക് നേതൃത്വം വഹിച്ചുകൊണ്ട് നവോത്ഥാനത്തിൽ അസാധാരണ പങ്കു വഹിച്ച വ്യക്തി തന്നെയാണ് സ്വാമി വിവേകാനന്ദൻ.

കേരളത്തിലെ അതിമനോഹരമായ കൊച്ചു ഗ്രാമമായ 'കണ്ണമ്മൂല'യിൽ ജന്മം കൊണ്ട മഹാനായ നവോത്ഥാന നായകനാണ് ചട്ടമ്പി സ്വാമികൾ. അദ്ദേഹം വിദ്യാഭ്യാസത്തെ സർവശക്തിയോടെ എതിർത്ത വ്യക്തിത്വമാണ്. വിദ്യാഭ്യാസത്തിൽ അടിയുറച്ച് ജീവിച്ചിരുന്ന ഒരു വിഭാഗം മനുഷ്യരെ ചട്ടമ്പി സ്വാമികൾ ഉണർത്തി. സമൂഹത്തിൽ അന്ന് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്ക് എതിരെ ശക്തമായി പോരാടി. "വേദാധികാരനിരൂപണം, പ്രാചീന മലയാളം" തുടങ്ങിയ രചനകളിലൂടെ ചട്ടമ്പി സ്വാമികൾ സമൂഹത്തിന് നവമായ ഉത്തേജനം സമ്മാനിച്ചു. മറ്റനേക സ്തുത്യർഹമായ സേവനങ്ങളും കേരളീയ നവോത്ഥാന ചരിത്രത്തിൽ സമ്മാനിച്ചിട്ടുണ്ട്.

അയ്യങ്കാളി നവോത്ഥാന നായകരിൽ ഉന്നതിയിൽ വിളങ്ങുന്ന വെങ്ങാനൂരിൽ ജനിച്ച അധികായനാണ്. വിജ്ഞാനത്തിന് സാധ്യതയില്ലാതിരുന്ന വേളയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ട അവസരത്തിൽ അവിടെ വിദ്യയഭ്യസിക്കാൻ ജാതി താഴ്ന്നവരെന്ന പേരിൽ

അവസരം ലഭിക്കാതിരുന്ന വിദ്യാർത്ഥികൾക്കായി അഹോരാത്രം പോരാടി. സമൂഹത്തിൽ പ്രചരിക്കുന്ന വേദനാജനകമായ സംഭവമാണ് പഞ്ചമിയുടേത്. താഴ്ന്ന ജാതിയിൽ ജന്മം കൊണ്ടു എന്ന ഒറ്റ കാരണത്താൽ വിദ്യാലയത്തിൽ പ്രവേശിക്കാൻ അവസരം ലഭിക്കാതെ വന്നതും അവൾ ഇരുന്ന ബെഞ്ചിന് അധികൃതർ തീ കൊടുത്തതും ചെയ്ത നാഴികയിൽ അയ്യങ്കാളി ഉണർന്നു. അതിനെതിരെ ശക്തമായി പോരാടി. ഇന്ന് ആ വിദ്യാലയം പോലും പഞ്ചമിയുടെ പേരിലാണ് അറിയപ്പെടുന്നത് എന്ന് പറയുമ്പോൾ അത് കേരളീയന് എന്നും അഭിമാനമാണ്. "ഞങ്ങളുടെ മക്കളെ പഠിപ്പിച്ചില്ലെങ്കിൽ ഞങ്ങൾ പാടങ്ങളിൽ മുട്ടിപ്പുല്ല് കുരുപ്പിക്കും" എന്ന പ്രസിദ്ധ പ്രഖ്യാപനത്തിലൂടെ സാധാരണക്കാരായ കുഞ്ഞുങ്ങൾക്ക് വിദ്യ അഭ്യസിക്കാനുള്ള അവസരം ഒരുക്കി കൊടുത്തു. താഴ്ന്ന ജാതിക്കാർക്ക് പൊതുനിരത്തിൽ പ്രവേശനം ലഭിക്കാതിരുന്ന വേളയിൽ 'വില്ലുവണ്ടി' യാത്രയിലൂടെ അയ്യങ്കാളി അതുല്യമായ പ്രവർത്തനം കാഴ്ചവച്ചു. സമൂഹത്തിന്റെ അടിച്ചേൽപ്പിക്കലിന്റെ ഭാഗമായി ഭാരമേറിയ കല്ലുമാലകൾ കഴുത്തിലിട്ട് വിവിധ കൃത്യങ്ങളിൽ ഏർപ്പെടേണ്ടി വന്ന സ്ത്രീകൾക്കു വേണ്ടി കല്ലുമാല സമരവും അയ്യങ്കാളി നടത്തി. "സാധുജന പരിപാലന സംഘം' തിരു

സ്ഥാപനത്തിലൂടെ സാധുജനങ്ങൾക്കായി അക്ഷരാഭ്യാസം വിദ്യാഭ്യാസം നൽകി. അങ്ങനെ കേരളീയ നവോത്ഥാന രംഗത്ത് മാനവികതയിൽ അടിയുറച്ച അനേകം പ്രതിഭാസങ്ങൾക്ക് കാരണമായ ഉജ്ജ്വലനാണ് അയ്യങ്കാളി.

സഹോദരൻ അയ്യപ്പൻ എന്ന വ്യക്തിത്വവും മാനവികതയെന്ന തത്വത്തിന് പ്രചാരം നൽകിയ വ്യക്തിത്വമാണ്. എന്നാൽ ഉദ്യമത് പക്ഷം ശാസ്ത്രത്തിൽ വിശ്വസിച്ചുകൊണ്ട് ശാസ്ത്രീയ തത്വങ്ങൾക്കും മറ്റും കേരളീയ ജനതയിൽ വിത്ത് നൽകിയ വ്യക്തിത്വം കൂടിയാണ്. പൊയ്കയിൽ യോഹന്നാൻ എന്ന വ്യക്തിയും നവോത്ഥാനത്തിൽ ഉന്നത പങ്കു വഹിച്ചിട്ടുള്ള വ്യക്തിത്വം ആണ്.

അങ്ങനെ ഒട്ടനവധി പേരുകളും തിളങ്ങുന്ന വ്യക്തിത്വങ്ങളുടെ സ്തുത്യർഹമായ ഇടപെടലുകളിലൂടെയാണ് 'ദൈവാലയം' എന്ന നിലയിലേക്ക് കേരളം വളർന്നു പ്രാപിച്ചത്. അന്നു കാലത്ത് നാടകങ്ങളിലൂടെ പോലും നവോത്ഥാനം നടന്നിരുന്നു. വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്" എന്ന നാടകം വീടിന്റെ 4 ചുമരുകൾക്ക് ഉള്ളിൽ കനലെരിയുന്ന വേദനകളിൽ അമർന്ന് ജീവിച്ചിരുന്ന സ്ത്രീജനങ്ങളെ സ്വാതന്ത്ര്യത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടു വന്ന

മനോഹരമായ നാടകമാണ്. അത്തരത്തിൽ ഒട്ടേറെ നാടകങ്ങളും സാഹിത്യ രൂപങ്ങളും മാനവികതയിൽ പറ്റി ചേർന്നുള്ള കേരളീയ നവോത്ഥാനത്തിന് ഉദാത്തമായി മാറിയിരുന്നു.

അതുല്യമായ അത്രമേൽ മഹത്തരമായ കേരളീയ നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങളിലൂടെ ആണ് 'ഭ്രാന്താലയം' ആയിരുന്ന കേരളം 'ദേവാലയമായി' മാറിയത്. മറ്റേതു രാജ്യങ്ങളെക്കാളും ഭൂഖണ്ഡങ്ങളെക്കാളും അതിനമായി നവോത്ഥാനത്തിലൂടെ അത്രമേൽ ശക്തമായ പരിണാമം സമൂഹത്തിൽ കൊണ്ടു വരാൻ സാധിച്ചത് നമ്മുടെ കൊച്ചു കേരളത്തിനാണ്. അതിന് പിന്നിലെ ചാലക ശക്തി 'മാനവികത' യിൽ അടിയുറച്ചതായിരുന്നു. നമ്മുടെ നവോത്ഥാനം ഉന്നതമായിരുന്നു. കഠിനവും വൈവിധ്യവുമായ പ്രവർത്തനത്തിലൂടെ നമ്മുടെ നവോത്ഥാന നായകന്മാർ നേടിത്തന്ന നവോത്ഥാനം ഇന്ന് വലിയ ചോദ്യചിഹ്നത്തിനു മുമ്പിലാണ്. എന്തെന്നാൽ നമ്മുടെ ചാലക ശക്തിയായ മാനവികതയിൽ നിന്ന് ഇന്നത്തെ വിദ്യാസമ്പന്നരായ തലമുറ വ്യതിചലിക്കുന്നു എന്നതാണ്. മാനവികതയിൽ അനുദിനം കൂടുതൽ അടുക്കുന്നു കൊണ്ട് ഉത്തരവാദിത്തമായി പ്രവർത്തിക്കാൻ നമുക്കായാൽ നവോത്ഥാനത്തിന്റെ അണയുന്ന ദീപത്തെ കൂടുതൽ ആളി കത്തിക്കാൻ നമുക്ക് സാധിക്കും

മാനവിക മൂല്യങ്ങൾ അന്യം നിന്നു പോകുന്ന ഏവരും
സോദരരായി വാഴുന്ന ദന്തഗോപുരങ്ങൾ പോലും
ആനന്ദത്തിൽ വിളങ്ങുന്ന കുട്ടികൾ നേടുന്ന
നാളെകളെ നമുക്ക് ഇനിയും സ്വായത്തമാക്കാം. ഭാര
തീയമാക്കി കേരളീയ നവോത്ഥാനത്തിനായി യത്നിച്ച സാമൂഹി
കന്മാരായ മഹാത്മാക്കളുടെ (നവോത്ഥാന നായകരുടെ) സ്വപ്ന
ത്തിൽ മാനവികതയിൽ അധിഷ്ഠിതമായി വിളങ്ങുന്ന നാളെകൾ
സംജാതമാവട്ടെ! യുദ്ധങ്ങളും വർഗീയ കലാപങ്ങളും ഒക്കെ
ഇന്ന് അരങ്ങേറുമ്പോൾ തിരിഞ്ഞ് നവോത്ഥാന നായകന്മാ
രുടെ നൊമ്പരങ്ങളാണ്... അതിനാൽ യുദ്ധങ്ങളില്ലാത്ത
കലാപങ്ങളില്ലാത്ത ലഹരിയില്ലാത്ത ജാതിമതവർഗ ഭേദചിന്ത
കൾ ഒന്നുമില്ലാത്ത സ്ത്രീകൾക്ക് പ്രാധാന്യം ആദ്യമേ
അധികമായുള്ള ദന്തഗോപുരങ്ങൾ പോലും ആനന്ദത്താൽ
വാഴുന്ന പ്രകൃതിയമ്മ പൂർണ ആരോഗ്യവതിയായി മന്ദസ്
മിതം തൂകുന്ന മാനവികതയുടെ നവ താരകൾ പ്രകാശം
അനുനിമിഷം ചൊരിഞ്ഞു ശോഭിപ്പിക്കുന്ന നവോത്ഥാന
ത്തിന്റെ ഒളി മങ്ങാത്ത ജ്വലിപ്പിക്കുന്ന സുവർണ
നാളെകൾ വിടരട്ടെ!!!